File No.EXC/861/2021-XA3

CZ 7A 6/3/21

735 8/3/21

കേരള എക്സൈസ് വകുപ്പ്
'മാതൃഭാഷ-മലയാളം'
File No: EXC/861/2021-XA3

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 06/03/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

<u>സർക്കുലർ നം-EXC9/2021/EXCISE</u>

വിഷയം: കോടതി കേസുകളിൽ അപ്പീൽ നൽകുന്നതിന് സർക്കാർ അനുവാദം വാങ്ങുന്നത് - സംബന്ധിച്ച്.

സൂചന: ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 12.02.2021 തീയതിയിലെ ZCRA 1363/2018/DGP & SSP നമ്പർ കത്ത്.

ജില്ലാ കോടതികളിലെ വിചാരണ നടപടികൾക്ക് ശേഷം വെറുതെ വിടുന്ന കേസുകളിൽ അപ്പീൽ പോകുമ്പോൾ, സർക്കാർ അനുവാദം വാങ്ങുന്നതിൽ വീഴ്ച വരുത്തുന്നുവെന്നും, അതുകൊണ്ട് വെറുതെ വിടുന്ന കേസുകളിൽ സർക്കാരിൽ നിന്നും, ക്രിമിനൽ നടപടിക്രമം 378 (I) വകുപ്പ് പ്രകാരം അനുമതി ലഭിക്കാതെ അപ്പീൽ ഫയൽ ചെയ്യുന്നത് നിയമവിരുദ്ധമാണെന്നും, അപ്പീൽ പരിഗണിക്കുവാനാകില്ലെന്നും ബഹു: കേരള ഹൈക്കോടതി Crl. Appeal No. 1363/2018 ഉം സമാനകേസുകളും പരിഗണിക്കവേ ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ചില നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ചുവടെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ അന്വേഷണ ഉദ്യോഗസ്ഥരുടെയും അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു.

1. ജില്ലാ കോടതികളിൽ നിന്നും വെറുതെ വിടുന്ന കേസുകൾ അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ പരിശോധിക്കേണ്ടതും, ആ കേസിൽ അപ്പീലിന് സാധ്യതയുണ്ടോ എന്ന് (Scope for Appeal) കേസ് നടത്തിയ പ്രോസിക്യൂട്ടറിൽ നിന്നും നിയമോപദേശം തേടേണ്ടതുമാണ്.

2. പ്രോസിക്യൂട്ടർ അപ്പീലിന് സാധ്യത ഉണ്ട് എന്ന് അഭിപ്രായം നൽകുകയാണെങ്കിലോ, അന്വേഷണ ഉദ്യോഗസ്ഥന് പ്രോസിക്യൂട്ടറുടെ 'ഇല്ല' എന്ന അഭിപ്രായത്തിന് നിയമത്തിന്റെ പിൻബലത്തിൽ എതിർ അഭിപ്രായം ഉണ്ടെങ്കിലോ, ആ കേസിൽ അപ്പീൽ നൽകാം എന്ന് തീരുമാനിക്കുക.

3. അപ്പീൽ സാദ്ധ്യത കിട്ടിക്കഴിഞ്ഞാൽ, കോടതി മുമ്പാകെ സാക്ഷികൾ നൽകിയ മൊഴി, CrPC 313 വകുപ്പ് പ്രകാരം പ്രതിയിൽ നിന്നും കോടതി രേഖപ്പെടുത്തിയ മൊഴി, വിധിപകർപ്പ് ഇവയുടെ അടയാളം സഹിതം പകർപ്പ് കോടതിയിൽ നിന്നും അപേക്ഷ നൽകി വാങ്ങുക.

4. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് കവറിംഗ് ലെറ്റർ, കോടതിയിൽ നിന്നും ലഭിച്ച സാക്ഷിമൊഴികളുടേയും, പ്രതികളിൽ നിന്നും ക്രിമിനൽ നടപടിക്രമം 313-ാം വകുപ്പ് പ്രകാരം കോടതി രേഖപ്പെടുത്തിയ മൊഴികളുടേയും വിധി പകർപ്പുകളുടെയും അടയാളസഹിതം പകർപ്പ്, ഇവ ഉൾപ്പെടുത്തി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,

അഡ്വക്കേറ്റ് ജനറലിന് നൽകണം. അപ്പീൽ നൽകാമെന്ന് അവിടെ നിന്നും തീരുമാനമാകുന്ന കേസുകൾ നേരിട്ട് തന്നെ സർക്കാരിലേയ്ക്ക് അയക്കേണ്ടതും സർക്കാർ നിർദേശം വാങ്ങി അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്

5. അഡ്വക്കേറ്റ് ജനറൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് സാദ്ധ്യത കാണുന്നുവെങ്കിൽ, അപ്പീൽ ഫയൽ ചെയ്യുന്നതിന് ക്രിമിനൽ നടപടിക്രമം 378 (1) പ്രകാരം സർക്കാർ അനുവാദത്തിനായി ഫയൽ കൊണ്ടുപോകുന്നതിന്/ അയക്കുന്നതിന് ആവശ്യമായ സഹായം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഹൈക്കോടതി ലെയ്സൺ ഓഫീസറുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരം സർക്കാർ തീരുമാനത്തിനായി അയക്കുകയും, ഇതിനുശേഷം സർക്കാർ തീരുമാനത്തോടെ മടങ്ങി വരുകയും ചെയ്യുന്ന ഫയലുകളിലേയും. അനന്തര നടപടികൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം) വീക്ഷിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും അന്വേഷണ ഉദ്യോഗസ്ഥർക്കും നൽകേണ്ടതുമാണ്.

6. അഡ്വക്കേറ്റ് ജനറലിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷനുള്ള അനുവാദം സർക്കാരിൽ നിന്ന് ലഭിച്ചാൽ മാത്രമേ വെറുതെ വിടുന്ന കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിയമം അനുവദിക്കുന്നുള്ളൂ.

7. വിധി പ്രസ്താവിച്ച് 45 ദിവസത്തിനുള്ളിൽ ഈ നടപടിക്രമങ്ങൾ പാലിക്കേണ്ടതും, ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ/ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിയമം)/ ഹൈക്കോടതി സെക്രട്ടറിയേറ്റ് ലെയ്സൺ എന്നി ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും വേണ്ട നടപടികൾ മേൽ പറഞ്ഞ രീതിയിൽ എടുക്കേണ്ടതുമാണ്.

S. AANANTHAKRISHNAN IPS
Signature valid

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ:

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
6. എക്സൈസ് കമ്മീഷണറുടെ സിഎ
7. അഡീഷണൽ എക്സൈസ് കമ്മീഷണറുടെ സിഎ
8. ഉത്തരവ് ഫയൽ/ കരുതൽ ഫയൽ